**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **04-07-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എളവള്ളി-ബ്രഹ്മക്കുളം, പാവറട്ടി-വെണ്മേനാട്, മുല്ലശ്ശേരി-അന്നകര, വെങ്കിടങ്ങ്-കുണ്ടഴിയൂർ-ഇരിമ്പ്രനല്ലൂർ എന്നീ ഗ്രൂപ്പ് വില്ലേജാഫീസുകളിലും വാടാനപ്പള്ളി വില്ലേജ് ഓഫീസിലും ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ലാപ് ടോപ് മുതലായ ഉപകരണങ്ങൾ കാലപ്പഴക്കത്താൽ പ്രവർത്തനക്ഷമമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസ് സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും ലഭിക്കുന്നതിന് പ്രസ്തുത വില്ലേജ് ഓഫീസുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ മാറ്റി പകരം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടിയെടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്തെ വില്ലേജുകളിൽ കാലപ്പഴക്കത്തിൽ പ്രവർത്തനക്ഷമമല്ലാത്ത ഐ.റ്റി.ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്തശേഷം ഗ്യാപ്പ് റിപ്പോർട്ട് സമർപ്പിക്കുവാന എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്ലാന ഫണ്ട് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് വില്ലേജ് ഓഫീസുകൾക്കായി ആകെ 267 ലാപ്ടോപ്പുകളും, 202 പ്രിന്ററുകളും 20 സ്കാനറുകളും ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ വില്ലേജുകൾക്ക് പ്രഥമ പരിഗണന നൽകികൊണ്ടുള്ള ഹാർഡ് വെയർ പർച്ചേയ്സ് നടപടികൾ സ്വീകരിച്ച് അവശേഷിക്കുന്ന വില്ലേജുകളെയും കൂടി ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം, 04.06.2022-ലെ സ.ഉ(പി)നം.62/2022/ധന ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എമാരുടെ പ്രത്യേക വികസന നിധി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ